(ഇ) പാലത്തിന്റെ അറ്റകുറ്റ പണികൾക്കായി എന്തു നടപടികൾ സ്വീകരിച്ചു; ഇതിനായി എന്തു തുക നടപ്പുസാമ്പത്തികവർഷം നീക്കി വച്ചു; എന്തു തുക ചെലവഴിച്ചു;

(എഫ്) പാലം പുതുക്കി പണിയുന്നതിന് വരുന്ന സാമ്പത്തികവർഷം ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിന് മരാമത്ത് വകുപ്പ് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പുലാമന്തോൾ പാലം പുതുക്കിപ്പണിയുന്നതിനായി 300 ലക്ഷം രൂപയുടെ ഒരു ഏകദേശ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചത് പരിശോധിച്ചുവരുന്നു.

(സി) വരുന്ന സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഈ പണിക്ക് ആവശ്യമായ തുക വകക്കൊള്ളിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിലയിരുത്തിയിട്ടുണ്ട്. 75 വർഷത്തിലധികം പഴക്കമുള്ളതു കൊണ്ട് ഗർഡറുകളിൽ ചിലതിന്റെ ജോയിന്റുകൾ തുരുമ്പിച്ചതിനാൽ പാലക്കാട് സൈഡിൽ രണ്ടു സ്പാനിലെയും പുലാമന്തോൾ സൈഡിൽ ഒരു സ്പാനിലെയും ഗർഡുകൾ ഡിഫ്ളെക്റ്റ് ചെയ്തിട്ടുണ്ട്. ഗതാഗതത്തിരക്കു കൊണ്ട് ഡെക്ക് സ്ലാബിൽ പൊട്ടലുകളിൽകൂടി വെള്ളം ഇറങ്ങി കമ്പികൾ തുരുമ്പെടുത്ത് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. ഈ അവസ്ഥയിൽ പ്രസ്തുത പാലത്തിൽ കൂടി ഭാരം കയറ്റിയ വാഹനങ്ങൾ പോകുന്നത് നിരോധിച്ചിരിക്കുകയാണ്.

(ഇ) അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 40.45 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേന്റ് തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചത് പരിശോധിച്ചുവരുന്നു. നടപ്പു സാമ്പത്തികവർഷം പ്രസ്തുത പാലംപണിക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല. തുകയൊന്നും ചെലവഴിച്ചിട്ടുമില്ല.

(എഫ്) അടുത്ത സാമ്പത്തിക വർഷം എസ്.എച്ച് (ബി)&(സി) എന്ന ശീർഷകത്തിൽ പ്രസ്തുത പാലംപണിക്കാവശ്യമായ തുക വകകൊള്ളിക്കുന്നതിനുള്ള ശുപാർശ ലഭിച്ചത് പരിശോധിച്ചുവരുന്നു.

143 (1362) നടയറ, അയിരൂർ, കല്ലണ പാലങ്ങളുടെ പണി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ നടയറ, അയിരൂർ, കല്ലണ എന്നീ പ്രധാനപ്പെട്ട പാലങ്ങളുടെ പണിയെ സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) കാലപ്പഴക്കം ചെന്നതും അപകടസാദ്ധ്യതയുള്ളതുമായ നടയറ പാലത്തിന്റേയും അയിരൂർ പാലത്തിന്റേയും നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കല്ലണ പാലത്തിന്റെ ജോലി ആരംഭിച്ചെങ്കിലും ഇപ്പോൾ മുടങ്ങിക്കിടക്കുന്നതിന്റെ കാരണം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ മൂന്നു പാലങ്ങളുടേയും പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)(ബി)&(സി) നടയറ പാലത്തിന്റെ പണിക്ക് പ്രത്യേകാനുമതി നല്കിയിട്ടുണ്ട്. ഈവർഷത്തെ ബഡ്ജറ്റിൽ 11.58 ലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ. ടെൻഡർ ചെയ്യുന്നതിന് ആവശ്യമായ ഫണ്ട് ലഭിച്ചാലുടൻ പണി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. അയിരൂർ പാലം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമായാൽ മാത്രമേ പണി ആരംഭിക്കാൻ കഴിയുകയുള്ളൂ. കല്ലണ പാലത്തിന്റെ 70 ലക്ഷത്തോളം രൂപയുടെ പാർട്ട് ബില്ല് ഫണ്ടിന്റെ അപര്യാപ്തതമൂലം നൽകാത്തതിനാൽ കരാറുകാരൻ പണി സാവധാനത്തിലാക്കിയിരിക്കുകയാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായും സ്ഥലം ലഭിക്കുന്ന മുറയ്ക്കും ഈ പാലങ്ങളുടെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

144 (1363) പേരൂർച്ചാൽ പാലത്തിന്റെ പണി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ പമ്പാനദിയിൽ നിർമ്മിക്കുന്ന പേരൂർച്ചാൽ പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പണി വളരെ മന്ദഗതിയിലാണ് നീങ്ങുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള കരാർ അവസാനിപ്പിച്ച് ഡിപ്പാർട്ടുമെന്റലായി ചെയ്യിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പാലത്തിന്റെ പണി 2000 വർഷത്തിൽതന്നെ പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏകദേശം 25% പണി തീർന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) ഇപ്പോൾ നിലവിലുള്ള കരാർ റദ്ദാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പണികൾ എത്രയും വേഗം തീർക്കാനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

145 (1364) തൊട്ടിൽ പാലം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly